# പൂങ്കാവനത്തിലെ പൂരം

• റെജി മലയാലപ്പുഴ

പൂങ്കാവനത്തിലെ പൂരം കൂടാനാണ് സൂത്രപ്പൻ ഒട്ടകം ഗൾഫിൽ നിന്നുമെത്തിയത്. കാട്ടിലെ കൂട്ടുകാരെല്ലാം ഒട്ടകത്തെ സ്വാഗതം ചെയ്തു. ഗൾഫിൽ നിന്നുള്ള വരവല്ലേ, എല്ലാവരും ഒപ്പം കൂടി. കൂളിംഗ് ഗ്ലാസും വെച്ച് സ്മാർട്ട് ഫോൺ സെൽഫി സ്റ്റിക്കിൽ ഉറപ്പിച്ച് പൂരം



ലൈവ് കാട്ടാനാണ് അതിയാൻ ഒരുങ്ങുന്നത്. അതിനിടയിൽ മുയലും ആമയും സെൽഫിയെടുക്കാൻ എത്തി.

പൂരക്കതിനകൾ ഒരുക്കുന്ന തിരക്കിലായിരുന്നു ചൂടൻ കരടി. സഹായത്തിന് ആരുമില്ല എന്നു പറഞ്ഞ് ചൂടൻ പിറു പിറുക്കുന്നു. കിച്ചൻ ആനയും പാച്ചൻ ആനയും എഴുന്നള്ളത്തിന് ഒരുങ്ങുന്നു.

ഇതിനൊക്കെ ഇടയിൽ കളിപ്പാട്ട കച്ചവടവുമായി പീലി കുരങ്ങനുമെത്തി.

പൂരത്തിന് മുമ്പാണ് എഴുന്നള്ളത്ത്.

കിച്ചൻ ആനയും പാച്ചൻ ആനയും അണിഞ്ഞൊരുങ്ങി എത്തി. അവർക്കരികിലേക്ക് സ്മാർട്ട് ഫോണുമായി സൂത്രപ്പൻ ഗമയിലെത്തി. സെൽഫി സ്റ്റിക്ക് ഉയർത്തിയപ്പോഴേക്കും കിച്ചനാനയുടെ ചെവിയിൽ അത് ഉടക്കി. കിച്ചൻ അത് വലിച്ചെടുത്ത് ഒടിച്ചുകളഞ്ഞു. കിച്ചനാനയുടെ ദേഷ്യം കണ്ട് സൂത്രപ്പൻ ഭയന്നുപോയി. സൂത്രപ്പൻ പതുക്കെ അവിടുന്ന് മുങ്ങി. തിരിച്ചുവന്നത് ഒരു കെട്ട് പനയോലയുമായിട്ടാണ്. കിച്ചനും പാച്ചനും സന്തോഷമായി. എഴുന്നള്ളത്ത് ആരംഭിച്ചു. പൂരക്കതിനകൾ ആകാശത്ത് പീലി വിടർത്തി. സൂത്രപ്പൻ ഒട്ടകം പൂങ്കാവനത്തിലെ പൂരം ലൈവായി കാണിച്ചുകൊണ്ടിരുന്നു.

•

▸▸ ഗദ്യവും പദ്യവും ചേർന്ന കൃതിയെ വിശേഷിപ്പിക്കുന്നത്– ചമ്പു